(എ) അച്ചൻകോവിലിലെ വിനോദ സഞ്ചാരികളുടെ ആകർഷണകേന്ദ്രമായ വന പ്രദേശത്ത് സ്ഥിതിചെയ്യുന്ന മണലാർ, കുംഭാവുരുട്ടി എന്നീ പ്രദേശങ്ങൾ ഉരുൾപൊട്ടലിനെ തുടർന്ന് നാശത്തെ നേരിടുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും, മുൻകാലങ്ങളെപ്പോലെ ആകർഷക മാക്കുന്നതിനും എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(സി) ട്രെക്ക് പാത്തുകളുടെ നവീകരണം, ഏറുമാടങ്ങൾ, ടെന്റഡ് അക്കോമ ഡേഷൻ സൗകര്യങ്ങൾ, ഗൈഡ്സ് സൗകര്യങ്ങൾ, നേച്ചർ ക്യാമ്പുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽനിന്നും തമിഴ്നാട്ടിലെ ദേവസ്വത്തിനും മറ്റുള്ളവർക്കും നടത്തിയ മരം വിൽപ്പന

94 [4839] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വനങ്ങളിൽനിന്നും തമിഴ്നാട്ടിലെ ഏതെങ്കിലും ദേവസ്വത്തിനോ മറ്റാർക്കെങ്കിലുമോ മരം വിൽപ്പന നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് ആർക്കാണെന്നും ഏതെല്ലാം മരങ്ങളാണ് വിൽപ്പന നടത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) ഓരോ തരം മരവും എത്രവീതമാണ് വില്പന നടത്തിയത് എന്നും, മൊത്തം എന്തു തുകയ്ക്കാണ് വില്പന നടത്തിയതെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത വില്പന നടത്തിയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇത്തരത്തിൽ വില്പന നടത്തിയ മരങ്ങൾ എന്ന് മുതലാണ് മുറിച്ചു മാറ്റാൻ തുടങ്ങിയത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ വനങ്ങളിൽനിന്നും തമിഴ്നാട്ടിലെ ദേവസ്വത്തിനോ മറ്റ് ആളുകൾക്കോ മരം വില്പന നടത്തിയിട്ടില്ല. എന്നാൽ, കണ്ണൂർ, കാസർഗോഡ് ജില്ലയിലെ ക്ഷേത്രങ്ങൾക്ക് കൊടിമരം ആവശ്യത്തിനായി കണ്ണൂർ ജില്ലയിലെ കണ്ണവം റെയിഞ്ചിലെ നെടുംപൊയിൽ എന്ന സ്ഥലത്ത് 1941 തേക്ക് തോട്ടത്തിൽനിന്നും 3 തേക്ക് മരങ്ങൾ വില്പന നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) താഴെപ്പറയുന്ന ക്ഷേത്രങ്ങൾക്ക് കണ്ണവം റെയിഞ്ചിലെ വനങ്ങളിൽനിന്നും തേക്ക് മരങ്ങൾ നൽകിയിട്ടുണ്ട്.

ക്രമ നമ്പർ	ക്ഷേത്രത്തിന്റെ പേര്	സ്ഥലം	തേക്കുമരങ്ങളുടെ വിവരം.
1.	ശ്രീരാമപുരം മഹാവിഷ്ണുക്ഷേത്രം	പഴയങ്ങാടി	1.392 ക്യു. മീറ്റർ
2.	ശ്രീ കൂർമ്പ ഭഗവതി ക്ഷേത്രം	മുഴുപ്പിലങ്ങാട്	0.919 ,,
3.	ബാരശ്രീ മഹാവിഷ്ണുക്ഷേത്രം	കാസർഗോഡ്	2.103 ,,

(സി) 1.392 ക്യു. മീറ്റർ തേക്കുമരം 79,055 രൂപയ്ക്കും 0.919 ക്യു. മീറ്റർ തേക്കുമരം 42,798 രൂപയ്ക്കും 2.103 ക്യു. മീറ്റർ തേക്കുമരം 1,19,434 രൂപയ്ക്കുമാണ് നൽകിയത്.

(ഡി) താഴെപ്പറയുന്ന ഉത്തരവുകൾപ്രകാരം ഉത്തരം (ബി)-യിൽ പറഞ്ഞിരിക്കുന്ന 3 ക്ഷേത്രങ്ങൾക്ക് തേക്ക് തടികൾ നൽകിയിട്ടുണ്ട്.

1. ജി.ഒ. (ആർ.റ്റി.) 141/02/വനം തീയതി 18-5-2002
2. ജി.ഒ. (ആർ.റ്റി.) 177/03/വനം തീയതി 7-4-2003
3. ജി.ഒ. (ആർ.റ്റി.) 202/03/വനം തീയതി 9-5-2003.

(ഇ) ഉത്തരം (ബി)-യിൽ പറഞ്ഞിട്ടുള്ള ക്ഷേത്രങ്ങളിൽ ഒന്നാമത്തേത് 23-1-2003-നും രണ്ടാമത്തെ മരം 11-4-2003-നും മൂന്നാമത്തേത് 1-7-2003-നുമാണ് മുറിച്ചു നീക്കം ചെയ്തത്.

കൂടുതൽ സ്കൂളുകളിൽ സ്പോർട്ട്സ് ഡിവിഷനുകൾ ആരംഭിക്കുവാൻ നടപടി

95 [4843] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലത്തിൽ കായിക വിദ്യാഭ്യാസ നിലവാരം ഉയർത്താൻ എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) കൂടുതൽ സ്കൂളുകളിൽ സ്പോർട്ട്സ് ഡിവിഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ളതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയതിനുശേഷം കൂടുതൽ സ്കൂളുകളിൽ സ്പോർട്ട്സ് ഡിവിഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സ്പോർട്ട്സ് ഹോസ്റ്റലുകൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ

96 [4844] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്ട്സ് ഹോസ്റ്റലുകൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly